**അടിയന്തരപ്രമേയം**

കുഴൽപ്പണ കേസ്

മി. സ്പീക്കർ: കൊടകര കുഴൽപ്പണ കേസ്സിലുൾപ്പെട്ട പണം, കേരളത്തിലെ തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിനുവേണ്ടിയാണെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടും പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ കേസന്വേഷണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോഴിക്കോട് ചേളന്നൂർ സ്വദേശിയായ ഷംജീർ 07-04-2021-ൽ കൊടകര പോലീസ് സ്റ്റേഷനിൽ ഹാജരാകുകയും തന്റെ ഉടമസ്ഥയിലുള്ള KL-56 G-6786 നമ്പർ കാറും ആലപ്പുഴയിലേയ്ക്ക് കൊണ്ടുപോയ 25 ലക്ഷം രൂപയും 03-04-2021-ന് പുലർച്ചെ 4.30 മണിയോടെ തൃശ്ശൂർ കൊടകര ബൈപാസ്സിൽവച്ച് ഒരുസംഘം

ആളുകൾ കവർച്ചചെയ്തുവെന്ന് മൊഴി നൽകിയിട്ടുള്ളതുമാണ്. ഇതിന്റെയടിസ്ഥാനത്തിൽ IPC 395 വകുപ്പുപ്രകാരം കൊടകര പോലീസ് സ്റ്റേഷനിൽ ക്രൈം 146/21 നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി. പരാതിക്കാരനായ ഷംജീറിനെയും പണമേൽപ്പിച്ചയച്ച കോഴിക്കോട് സ്വദേശി ധർമ്മരാജനെയും വിശദമായി ചോദ്യം ചെയ്തു. കവർച്ച ചെയ്യപ്പെട്ട കാറിൽ മൂന്നര കോടി രൂപ ഉണ്ടായിരുന്നതായി വ്യക്തമായതിനെത്തുടർന്ന് കേസ്സിൽ IPC 412, 212, 120B എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തു. തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയുടെ 25-04-2021-ലെ 40/KM/2021/R നമ്പർ ഉത്തരവുപ്രകാരം ചാലക്കുടി ഡിവൈ.എസ്.പി. കേസ്സിന്റെ അന്വേഷണം ഏറ്റെടുക്കുകയും ചെയ്തിരുന്നു. സംസ്ഥാന പോലീസ് മേധാവിയുടെ 05-05-2021-ലെ T5/68497/2021/PHQ നമ്പർ ഉത്തരവുപ്രകാരം കേസ്സിന്റെ അന്വേഷണത്തിനായി തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി.-യുടെയും എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി.-യുടെയും നേതൃത്വത്തിൽ പ്രത്യേക സംഘത്തെ രൂപീകരിച്ച് അന്വേഷണം ഏറ്റെടുത്തു. 23-07-2021-ന് 22 പ്രതികൾക്കെതിരെ ആദ്യചാർജ്ജ് ഷീറ്റ്/സ്പ്ലിറ്റ് ചാർജ്ജ് ഷീറ്റ് കോടതി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. നാലാം

പ്രതിയായ ശങ്കരൻ എന്നുവിളിക്കുന്ന ദീപക് ബി.ജെ.പി. പ്രവർത്തകനാണ്. കേസ്സിൽ ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനും 17 സംസ്ഥാന ജില്ലാ ഭാരവാഹികളുൾപ്പെടെ 250 സാക്ഷികളെ ഇതിനോടകം ചോദ്യം ചെയ്തിട്ടുണ്ട്. ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ, സ്റ്റേറ്റ് കോ-ഓർഡിനേറ്റിംഗ് സെക്രട്ടറി എം. ഗണേഷ്, സ്റ്റേറ്റ് ഓഫീസ് സെക്രട്ടറി ഗിരീഷൻ നായർ എന്നിവരുമായി അടുത്ത ബന്ധം പുലർത്തിവരുന്ന ആളാണ് കേസ്സിലെ പ്രതിയും ബി.ജെ.പി. അനുഭാവിയുമായ ധർമ്മരാജനെന്ന് വ്യക്തമായിട്ടുണ്ട്. മാത്രമല്ല, ധർമ്മരാജൻ ഹവാല ഏജന്റായി പ്രവർത്തിക്കുകയും ചെയ്യുന്നതായി വെളിവായിട്ടുണ്ട്. മേൽപ്പറഞ്ഞ ബി.ജെ.പി. നേതാക്കളുടെ നിർദ്ദേശപ്രകാരം പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കർണ്ണാടകയിൽനിന്നും കൊണ്ടുവന്നതാണ് കൊള്ളയടിക്കപ്പെട്ട പണമെന്ന കാര്യവും കുറ്റപ്പത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗിരീഷൻ നായർ നിർദ്ദേശിച്ചതനുസരിച്ച് പാർട്ടിയുടെ ആലപ്പുഴ ജില്ലാ ട്രഷറർ ഗോപാലകൃഷ്ണ കർത്തയ്ക്ക് എത്തിച്ചുകൊടുക്കുന്നതിന് ഉദ്ദേശിച്ചിരുന്ന പണമാണെന്ന് വെളിവായിട്ടുണ്ട്. പരാതിക്കാരനായ ഷംജീറും സുഹൃത്തും പതിനാറാം പ്രതിയുമായ റഷീദുമൊന്നിച്ച് പരാതിക്കാരന്റെ

കാറിൽ രണ്ട് രഹസ്യ അറകളിലായി മൂന്നര കോടി രൂപ നിറച്ച് വാഹനമോടിച്ച് പോകവെ, പിന്തുടർന്ന് 03-04-2021-ന് പുലർച്ചെ 4.40 മണിയോടെ കൊടകര ഹൈവേ മേൽപ്പാലത്തിനുസമീപം വാഹനങ്ങൾ ഉപയോഗിച്ച് പരാതിക്കാരന്റെ വാഹനത്തിൽ ഇടിപ്പിച്ച് അപകടാന്തരീക്ഷവും ഭീതിയുമുണ്ടാക്കി പണമുൾപ്പെടെ വാഹനം കവർച്ച ചെയ്തതാണെന്നും അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. കേസ്സിലുൾപ്പെട്ടതായി ബോദ്ധ്യപ്പെട്ട 22 പ്രതികളെയും അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും കവർച്ച ചെയ്യപ്പെട്ട തുകയിൽ 1.46 കോടി രൂപ മൂല്യമുള്ള പണവും മുതലും കണ്ടെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുമുണ്ട്. അന്വേഷണത്തിൽ കവർച്ച ചെയ്യപ്പെട്ട മൂന്നര കോടി രൂപകൂടാതെ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കർണ്ണാടകയിൽ സ്വരൂപിച്ച് വച്ചിരുന്ന 17 കോടി രൂപയെക്കുറിച്ചുള്ള വിവരങ്ങളും ലഭിച്ചു. ധർമ്മരാജൻ, ധനരാജ്, ഷൈജു, ഷിജിൽ എന്നിവർ നേരിട്ടും ഹവാല ഏജന്റുമാർ മുഖേനയും 40 കോടി രൂപ 05-03-2021 മുതൽ 05-04-2021 വരെ കേരളത്തിലെ പല ജില്ലകളിലുമുള്ള ഭാരതീയ ജനതാ പാർട്ടിയുടെ ഭാരവാഹികൾക്ക് കൈമാറാൻ കൊണ്ടുവന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

അതിൽ 4.40 കോടി രൂപ 06-03-2021-ന് സേലത്തുവച്ചും മൂന്നര കോടി രൂപ കൊടകരയിൽവച്ചും കവർച്ച ചെയ്യപ്പെട്ടതായി വ്യക്തമായിട്ടുണ്ട്. കൊടകര പോലീസ് സ്റ്റേഷൻ ക്രൈം 146/21-ാം നമ്പർ കേസ്സിൽ അറസ്റ്റ് ചെയ്ത 22 പ്രതികൾക്കെതിരെ 23-07-2021-ൽ ആദ്യ കുറ്റപ്പത്രം സമർപ്പിച്ചു. ഇതിൽ അനധികൃതമായി പണം കൊണ്ടുവരുന്നത് സംബന്ധിച്ച അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ നടത്തേണ്ടതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി കുറ്റപ്പത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് തയ്യാറാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടർ കൊച്ചി, ഇൻകം ടാക്സ് ഡയറക്ടർ (ഇൻവെസ്റ്റിഗേഷൻ) കൊച്ചി, ചീഫ് ഇലക്ടറൽ ഓഫീസർ കേരള എന്നിവർക്ക് സമർപ്പിക്കുന്ന കാര്യവും പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും സമാനരീതിയിൽ നടന്നതായ മറ്റുപണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോയെന്ന് കണ്ടെത്തുന്നതിനായി അന്വേഷണം തുടരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട കോടതിയെ അറിയിച്ചിട്ടുണ്ട്. മാത്രമല്ല കേസ്സിനെ

സംബന്ധിച്ച വിവരങ്ങൾ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് 01-06-2021-ൽ 27/SITKDRA/2021 നമ്പരായി കൈമാറിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ കൊച്ചി സോണൽ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുസംബന്ധിച്ച വിവരങ്ങൾ കത്തുമുഖേന നൽകിയത്, ഇക്കാര്യത്തിലെ മുഴുവൻ ഇടപാടുകളിലും നിയമവിരുദ്ധ പ്രവർത്തനവും നിയമവിരുദ്ധ ഉറവിടങ്ങളിൽനിന്നുള്ള പണവും ഉൾപ്പെട്ടതായി ശക്തമായ സംശയമുള്ളതിനാൽ ആ ഘട്ടത്തിൽതന്നെ അറിയിക്കുകയും ചെയ്തു. പണത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള അന്വേഷണം അധികാരപ്പെട്ട കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ കേസ് അന്വേഷണം ഒതുക്കി തീർക്കാൻ സർക്കാർ ശ്രമിക്കുന്നുവെന്നാണ് ഈ പ്രമേയത്തിൽ ഉന്നയിച്ചിട്ടുള്ള മുഖ്യപ്രശ്നം. ഇത് ബോധപൂർവ്വം വസ്തുതകൾ മറച്ചുവച്ച് ജനശ്രദ്ധ തിരിച്ചുവിടാൻവേണ്ടിയാണ്. പണത്തിന്റെ സ്രോതസ് അന്വേഷിക്കാൻ കേന്ദ്ര ഏജൻസികൾക്ക് അവരുടെ നിയമപ്രകാരം വ്യക്തമായ അധികാരമുണ്ട്. 1961-ലെ ആദായ നികുതി വകുപ്പ് നിയമത്തിലും 2002-ലെ കള്ളപ്പണം വെളുപ്പിക്കൽ നിയമത്തിലും അധികാരങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന് കേന്ദ്ര ഏജൻസികളെ

ഏൽപ്പിക്കേണ്ട ആവശ്യമില്ലായെന്നത് ഒരു പ്രാഥമിക വസ്തുതയായിരിക്കെ യാതൊരു പിൻബലവുമില്ലാതെയാണ് ഇത്തരമൊരു ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. ഈ പറഞ്ഞ കാര്യങ്ങളിൽ അന്വേഷണം കൃത്യമായി നടക്കുന്നുണ്ട്. അതിന്റെ ചാർജ്ജ് ഷീറ്റിന്റെ ആദ്യഭാഗം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ബാക്കി അന്വേഷണം തുടർന്നുകൊണ്ടിരിക്കുന്നു. ബന്ധപ്പെട്ട ഏജൻസികളെയെല്ലാം ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിച്ചിട്ടുമുണ്ട്. ഇത്തരം സാഹചര്യത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിലില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേൾക്കുന്ന ആർക്കും തോന്നുന്ന കാര്യം ഈ കേസിൽ മുഖ്യപ്രതികളായി വരേണ്ടത് സംസ്ഥാനത്തെ ബി.ജെ.പി.-യുടെ നേതാക്കൾ എല്ലാവരുമാണെന്നുള്ളതാണ്. നിർഭാഗ്യവശാൽ യാഥാർത്ഥ്യം അതായിരിക്കെ, സർക്കാരിന്റെ അന്വേഷണ ഏജൻസി കുറ്റപത്രം സമർപ്പിച്ചപ്പോൾ ബി.ജെ.പി. നേതാക്കളിൽ ഒരാൾപോലും പ്രതിപ്പട്ടികയിലില്ലാതെ സാക്ഷികളായി മാറി എന്നുള്ളതാണ് ദുഃഖകരമായ കാര്യം. രാജ്യത്തിനകത്തും പുറത്തുമുള്ള കോടിക്കണക്കിന് രൂപയുടെ

കള്ളപ്പണത്തിനെതിരെ സന്ധിയില്ലാ സമരം ചെയ്യുമെന്നും അത് തിരിച്ചുപിടിച്ച് രാജ്യത്തെ പാവപ്പെട്ടവന്റെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് പതിനഞ്ച് ലക്ഷം രൂപ വീതം നിക്ഷേപിക്കുമെന്ന് അവകാശപ്പെട്ട് അധികാരത്തിലേറിയ ശ്രീ. നരേന്ദ്ര മോദി നേതൃത്വം കൊടുക്കുന്ന ഭാരതീയ ജനതാപാർട്ടിതന്നെ രാജ്യത്തെ കള്ളപ്പണം/കുഴൽപ്പണത്തിന്റെയും ഏറ്റവും വലിയ ഗുണഭോക്താക്കളും വിനിമയക്കാരുമായി മാറിയതിന്റെ നേർക്കാഴ്ചയാണ് കൊടകര കുഴൽപ്പണക്കേസിൽ നമ്മൾ കണ്ടത്. ഏതോ ഒരു ക്വട്ടേഷൻ സംഘം അല്ലെങ്കിൽ ഒരു ഹവാല ഇടപാടുകാരൻ ഷംജീറിന്റെയും ധർമ്മരാജന്റെയും പണം ദേശീയപാതയിൽ കവർച്ച നടത്തിയതല്ല കേരള സമൂഹത്തെ ആശങ്കപ്പെടുത്തിയത്. ആർ.എസ്.എസ്. നേതാവുകൂടിയായ ധർമ്മരാജൻ, ബി.ജെ.പി.ക്ക് ഒരു സീറ്റുപോലും ജയിക്കും എന്ന ഉറപ്പില്ലാത്ത കേരളത്തിലെ സംസ്ഥാന പ്രസിഡന്റിന്റെ അറിവും ഒത്താശയോടുംകൂടി കോടിക്കണക്കിന് രൂപയുടെ പണം തെരഞ്ഞെടുപ്പുവേളയിൽ കടത്തി ജനാധിപത്യ പ്രക്രിയയെ അട്ടിമറിക്കാൻ നടത്തിയ ശ്രമത്തെ സംബന്ധിച്ചായിരുന്നു നമ്മുടെ എല്ലാവരുടെയും ആശങ്ക. കേസിന്റെ നാനാവശങ്ങളും അന്വേഷിച്ച് മുഴുവൻ കുറ്റവാളികളെയും

നിയമത്തിനുമുന്നിൽ കൊണ്ടുവരണമെന്നാണ് ഈ കേസിന്റെ തുടക്കം മുതൽ പ്രതിപക്ഷവും കേരള സമൂഹവും ആവശ്യപ്പെടുന്നത്. സംസ്ഥാന സർക്കാരിനും കേസ് അന്വേഷിക്കുന്ന പോലീസിനുമുള്ള ആത്മാർത്ഥതയിൽ സംശയം തോന്നിയതുകൊണ്ടാണ് 7-6-2021-ന് ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഈ വിഷയം നിയമസഭയിൽ അടിയന്തരപ്രമേയമായി അവതരിപ്പിക്കുവാൻ നോട്ടീസ് നൽകിയത്. ശ്രീ. ഷാഫി പറമ്പിലും ബഹുമാന്യനായ പ്രതിപക്ഷനേതാവും അന്ന് ഉന്നയിച്ച ആശങ്ക അക്ഷരാർത്ഥത്തിൽ ശരിവയ്ക്കുന്ന തരത്തിലാണ് കൊടകര കുഴപ്പണക്കേസ് ഇപ്പോൾ എത്തിനിൽക്കുന്നത്. ഞങ്ങൾ അന്ന് ഈ വിഷയമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ എന്താണ് പറഞ്ഞത്? കുഴൽ കുഴലായിത്തന്നെയുണ്ടാകും, കുഴൽ അങ്ങോട്ടുമിങ്ങോട്ടും പോകാനുള്ളതല്ലെന്ന് മനസ്സിലാക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. കുഴൽ ഉപയോഗിച്ചവർ നിർബന്ധമായും നിയമത്തിന്റെ കരങ്ങളിൽ പിടിയിലാകുമെന്നത് ഉറപ്പാണ്. മുഖ്യമന്ത്രിയുടെ പഞ്ച് ഡയലോഗ് ഭരണപക്ഷം വളരെ ആവേശത്തോടെയാണ് സ്വീകരിച്ചത്. സൈബർ സഖാക്കളൊക്കെ അത് സോഷ്യൽ മീഡിയകളിൽ നന്നായി ഉപയോഗിക്കുകയും ചെയ്തു. കുഴൽപ്പണം

ഉപയോഗിച്ചവർ ആരാണ്? സംസ്ഥാന നേതാക്കളടക്കം കേരളത്തിലെ ഭാരതീയ ജനതാപാർട്ടിയാണ് ആ കുഴലുപയോഗിച്ചതെന്ന് കേസ് അന്വേഷിക്കുന്ന സംസ്ഥാന പോലീസിനുൾപ്പെടെ നിസംശയം ബോധ്യപ്പെട്ടിട്ടുണ്ട്. മലയാള മനോരമ പത്രത്തിലെ ഒരു വാർത്ത ഇതായിരുന്നു, 'കൊടകരയിൽ കവർച്ച ചെയ്യപ്പെട്ട മൂന്നരക്കോടി രൂപ കടത്തികൊണ്ടുവന്നത് ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ, സംസ്ഥാന സെക്രട്ടറി എം. ഗണേശൻ, ഓഫീസ് സെക്രട്ടറി ജി. ഗിരീഷൻ എന്നിവരുടെ അറിവോടെയെന്ന് പ്രത്യേക അന്വേഷണ സംഘം'. കവർച്ച ചെയ്യപ്പെട്ടകാര്യവും ഇവർ അറിഞ്ഞു. കേസിലെ പരാതിക്കാരനായ ആർ.എസ്.എസ്. നേതാവും ഹവാല ഇടപാടുകാരനായ ധർമ്മരാജന്റെ മൊഴിയും ഫോൺ രേഖകളുൾപ്പെടെയുള്ള തെളിവുകളുടെ അടിസ്ഥാനത്തിലാണിത്. മലയാള മനോരമ പത്രം വായിച്ചപ്പോൾ പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീറിന് എന്തോ ഒരു അസ്വസ്ഥതയുണ്ടായി. അതുകൊണ്ട് ഞാൻ ദേശാഭിമാനി പത്രംകൂടി വായിക്കാം (പത്രം ഉയർത്തിക്കാണിച്ചു.). 'കുഴൽപ്പണക്കടത്ത് കുറ്റപത്രമായി, കെ. സുരേന്ദ്രൻ സൂത്രധാരൻ' ദേശാഭിമാനിയുടെ പ്രസ്സിൽ ലഭ്യമായിട്ടുള്ള ഏറ്റവും വലിയ

ഫോണ്ടിലാണ് അച്ചടിച്ചിട്ടുള്ളത്. ശ്രീ. കെ. സുരേന്ദ്രനും മകനും സാക്ഷികളെന്ന് അതിനുതാഴെ ചെറിയ ഫോണ്ടിലാണ് അച്ചടിച്ചിരിക്കുന്നത്. കവർച്ചപ്പണം ബി.ജെ.പി.-യുടേതാണെന്നും ശ്രീ. കെ. സുരേന്ദ്രൻ സൂത്രധാരനാണെന്നും വായിച്ച് സഖാക്കളെല്ലാവരും പുളകംകൊണ്ടു. പക്ഷേ, കേസിന്റെ കുറ്റപത്രം സമർപ്പിക്കപ്പെട്ടപ്പോൾ സൂത്രധാരനുൾപ്പെടെയുള്ളവരിൽ ഒരാൾപോലും പ്രതികളായില്ലെന്നുമാത്രമല്ല എല്ലാവരും സാക്ഷികളായി മാറിയെന്നുള്ളതാണ്. അന്വേഷണ സംഘം കേസിന്റെ കുറ്റപത്രം സമർപ്പിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് സൂത്രധാരനുൾപ്പെടെ പ്രതിയാകാതെ സാക്ഷിയായി മാറുന്ന സൂത്രം എങ്ങനെയാണ് കേരള പോലീസിന് മാത്രം സാധ്യമാകുന്നതെന്ന സംശയമാണ് നമുക്ക് എല്ലാവർക്കുമുണ്ടാകുന്നത്. സംസ്ഥാനത്തിന്റെ ജനാധിപത്യ പ്രക്രിയയെപ്പോലും അട്ടിമറിക്കാൻ നടത്തിയ വളരെ ഗുരുതരമായ കേസാണ് കൊടകര കുഴൽപ്പണകേസ്. ഇത് ഇങ്ങനെ സംഭവിക്കുകയുള്ളൂവെന്ന് ഞങ്ങൾക്ക് പണ്ടേ സംശയമുണ്ടായിരുന്നു. കാരണം, ശങ്കരാടി ഒരു സിനിമയിൽ പറഞ്ഞതുപോലെ, 'വിഘടന വാദികളും പ്രതിക്രിയ വാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലാണെങ്കിലും

അവർ തമ്മിലുള്ള അന്തർധാര പണ്ടുമുതലെ സജീവമാണെന്ന് ഞങ്ങൾക്ക് നന്നായി അറിയാം. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞ തവണ ഈ വിഷയം സഭയിൽ ഉന്നയിച്ചപ്പോൾ ഈ കേസിനെ വെറുമൊരു Highway robbery കേസായി മാത്രം പരിഗണിച്ച് IPC 395, 412 എന്നീ വകുപ്പുകൾപ്രകാരം അന്വേഷിച്ചാൽ യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയില്ലെന്നും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിനും Prevention of Money Laundering Act-ന്റെ Section 54 F അനുസരിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനും കേസ് റഫർ ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പണത്തിന്റെ ഉറവിടത്തെ സംബന്ധിച്ച് അന്വേഷിക്കാൻ സംസ്ഥാന പോലീസിന് നിയമപരമായി അധികാരമില്ലെന്ന് നിയമത്തിന്റെ അടിസ്ഥാനം അറിയാവുന്ന ഏതൊരാൾക്കും മനസ്സിലാകും. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ ആവശ്യമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ പുച്ഛിച്ചു കളഞ്ഞു. ബി.ജെ.പി.-യുടെ ഇന്നലത്തെ പ്രസ്താവനയുടെ പകർപ്പ് എന്റെ കൈവശമുണ്ട്, പോലീസിന് പണത്തിന്റെ ഉറവിടത്തിൽ സംശയമുണ്ടെങ്കിൽ ഇൻകം ടാക്സ് വകുപ്പിനെ

അറിയിക്കാമെന്നും കുഴൽപ്പണം/കള്ളപ്പണ ഇടപാടുണ്ടെന്ന് സംശയമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിക്കാമെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ആവശ്യപ്പെടുന്നത്. അതായത്, ബി.ജെ.പി.-യുടെ ആവശ്യം പ്രതിപക്ഷനേതാവ് ഉന്നയിക്കുന്നുവെന്ന തരത്തിൽ പറയുകയും ഭരണപക്ഷത്തുള്ള മുഴുവൻ ആളുകളും പ്രതിപക്ഷത്തിനെതിരെ എന്തോ കിട്ടിയെന്ന നിലയിൽ വലിയ ആവേശം കാണിക്കുന്ന കാഴ്ച നമുക്ക് കാണാനിടയായി. ഇപ്പോൾ എന്തായി? മുഖ്യമന്ത്രി പറയുന്നു, ഈ കേസിന്റെ ഉറവിടം കണ്ടെത്തണമെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റും അന്വേഷിച്ചാൽ മാത്രമെ സാധിക്കുകയുള്ളൂവെന്ന് ഇന്ന് മുഖ്യമന്ത്രി സഭയിൽ പറയുകയുണ്ടായി. ഞങ്ങൾ ഒന്നരമാസം മുൻപ് ഈ വിഷയത്തിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സിനെയും ഉൾപ്പെടുത്തി ഇതിലെ യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് പറഞ്ഞപ്പോൾ സർക്കാർ അതിനെ അന്ന് പുച്ഛിച്ചു തള്ളുന്ന കാഴ്ചയാണ് കണ്ടത്. ഈ കേസിന് മൂന്ന്

വശങ്ങളുണ്ട്. ഒന്ന്, ഏപ്രിൽ നാലിന് രാവിലെ കൊടകരയിൽ നടന്ന കവർച്ച, അത് ബി.ജെ.പി. ആഗ്രഹിച്ചതുപോലെതന്നെ സംസ്ഥാന പോലീസ് അന്വേഷിക്കുന്നു. കേസിൽ കവർച്ച നടത്തിയ ആളുകളെ പ്രതികളാക്കപ്പെടുന്നു. പരാതിക്കാരനും മുഖ്യ ആസൂത്രകനായ ധർമ്മരാജൻ ഈ കേസിൽ നൽകിയിട്ടുള്ളത് വ്യത്യസ്തങ്ങളായ മൊഴികളാണ്. അദ്ദേഹത്തിന്റെ 164 സ്റ്റേറ്റ്മെന്റുപോലും റിക്കോർഡ് ചെയ്യാൻ അന്വേഷണ സംഘം തയ്യാറായിട്ടില്ല. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ ഭാവി എന്താകുമെന്ന് നിയമവിദഗ്ദ്ധർക്കുപോലും സംശയമുണ്ടെന്ന് നമുക്കെല്ലാവർക്കും അറിവുള്ള കാര്യമാണ്.

മറ്റൊന്ന്, ഈ പണത്തിന്റെ ഉറവിടം സംബന്ധിച്ചാണ്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചു. കേസ് അന്വേഷണം കോമ്പീറ്റന്റ് ആയിട്ടുള്ള ഏജൻസികളെ കൃത്യമായി ചുമതലപ്പെടുത്തി കാലവിളംബം കൂടാതെ മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്. മൂന്നാമത്തെ വശം, ഏതാണ്ട് പത്തു വർഷത്തോളമായി ബി.ജെ.പി.-ക്കു വേണ്ടി മറ്റുസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പണം കൊണ്ടുവന്നുകൊണ്ടിരിക്കുകയാണെന്ന് ധർമ്മരാജന്റെ മൊഴിയിൽത്തന്നെ പറയുന്നുണ്ട്. കഴിഞ്ഞ പഞ്ചായത്ത്

തെരഞ്ഞെടുപ്പിൽ 12 കോടി രൂപയും ഈ തെരഞ്ഞെടുപ്പിൽ ഏകദേശം 40 കോടി രൂപയും ഇത്തരത്തിൽ കേരളത്തിലേയ്ക്ക് എത്തിച്ചതായിട്ടും അദ്ദേഹത്തിന്റെ മൊഴിയിൽത്തന്നെ വെളിവായിട്ടുണ്ട്. ധർമ്മരാജൻ ഉൾപ്പെടെയുള്ള ബി.ജെ.പി.-യുടെ നേതാക്കൾ വർഷങ്ങളായി കോടികളുടെ കുഴൽപ്പണ ഇടപാടുകൾ നടത്തുന്നുവെന്ന് പോലീസ് കുറ്റപത്രത്തിന്റെ ഭാഗമായി പറയുകയാണ്. ഈ സംസ്ഥാനത്തിന്റെ ഇന്റലിജൻസ് സംവിധാനം എവിടെയായിരുന്നു? അതോ ഇതൊക്കെ മനസ്സിലാക്കിയിട്ടും ബി.ജെ.പി.-ക്ക് സ്വൈര്യവിഹാരം നടത്തുവാനായിട്ടുള്ള സൗകര്യം ഒരുക്കിക്കൊടുക്കാനുള്ള അന്തർധാരയാണോ ഈ സംസ്ഥാനത്ത് നിലനിൽക്കുന്നത് എന്ന സംശയം ഞങ്ങൾ ഉന്നയിക്കുകയാണ്. മുഖ്യമന്ത്രി മറ്റൊന്നുകൂടി നിയമസഭയിൽ പറഞ്ഞിരുന്നു. നമ്മുടെ നാടിന്റെ ജനാധിപത്യ വ്യവസ്ഥിതിയെ തകർക്കാനുള്ള നീക്കങ്ങളടക്കം ഇതിന്റെ പിന്നിൽ നടന്നിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം അന്വേഷണത്തിലൂടെ പുറത്തുവരും എന്നാണ് മുഖ്യമന്ത്രി ഈ നിയമസഭയിൽ പറഞ്ഞത്. പുറത്തുവന്നോ സർ? അതന്വേഷിച്ചോ സർ. ഈ പണം നമ്മുടെ തെരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കാനും ആളുകളെ സ്വാധീനിക്കാനും

ഉള്ളതാണെന്ന് അരിയാഹാരം കഴിക്കുന്ന എല്ലാപേർക്കും അറിയാമെന്നിരിക്കേ അതുസംബന്ധിച്ച് യാതൊരന്വേഷണവും നടത്തുവാനായി അന്വേഷണ സംഘം ഇതുവരെയും തയ്യാറായില്ല. കവർച്ച നടത്തിയ ആളുകൾക്കെതിരെ മാത്രമാണ് IPC 120B അനുസരിച്ച് ഗൂഢാലോചനയ്ക്ക് കേസ് എടുത്തിരിക്കുന്നത്. വർഷങ്ങളായി കുഴൽപ്പണം കൊണ്ടുവന്ന് കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയ ഉൾപ്പെടെ അട്ടിമറിയ്ക്കാനായി നടത്തുന്ന ശ്രമത്തെ സംബന്ധിച്ചും അതിന്റെ ഗൂഢാലോചനയെ സംബന്ധിച്ചും IPC 122B സെക്ഷൻ 2 അനുസരിച്ച് കേസെടുക്കാനോ Cr.PC.196(1)(a)(b) അനുസരിച്ച് ബി.ജെ.പി നേതാക്കളെയുൾപ്പെടെയുള്ളവരെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അവസരം ഈ സർക്കാർ പാഴാക്കിയില്ലേ? ഈ അവസരം സംസ്ഥാന പോലീസ് പാഴാക്കിക്കൊണ്ടിരിക്കുകയല്ലേ എന്ന സംശയമാണ് ഞാൻ ഉന്നയിക്കുന്നത്. ഇതൊക്കെ ഒരു ഒത്തുതീർപ്പിന്റെ ഭാഗമാണെന്ന് എല്ലാവർക്കും അറിയാം. അടച്ചിട്ട മുറികളിലെ ചർച്ചകളിലും പല ചർച്ചകളിലേയും മദ്ധ്യസ്ഥന്മാരെക്കുറിച്ചുമൊക്കെ കേരളം ചർച്ച ചെയ്തിട്ടുള്ളതുമാണ്. കേസുകൾ അങ്ങോട്ടുമിങ്ങോട്ടും ഡെമോക്ലസ്സിന്റെ വാളുപോലെ നിൽക്കുകയാണ്.

നയതന്ത്ര ചാനലിലൂടെ സ്വർണ്ണകള്ളക്കടത്തു നടത്തിയതും കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ സാമ്പത്തിക തട്ടിപ്പും പാർട്ടി സെക്രട്ടറിയുടെ മകനൾപ്പെടെ പ്രതിയായ മയക്കമരുന്ന കേസുമൊക്കെ ഒരു വശത്ത് നിൽക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ് .... കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, അവസാനിപ്പിക്കാം. ഒരു മിനിട്ട് കൂടി വേണം. ഉന്നതരായ ബി.ജെ.പി. നേതാക്കൾക്ക് നേരിട്ട് പങ്കുള്ള കുഴൽപ്പണകേസ് മറുവശത്ത്. ഈ രണ്ട് വാളുകളും അനങ്ങാതെ നിൽക്കുകയുള്ളൂവെന്നും ഇത് ഇരുകൂട്ടരും പ്രയോഗിക്കില്ലായെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാൻ സാധിക്കുമോ? മുഖ്യമന്ത്രി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെക്കണ്ടു; അദ്ദേഹം ഷാൾ അണിയിക്കട്ടെ എന്നുചോദിച്ചു; ഷാൾ അണിയിച്ചുകൊള്ളാൻ പ്രധാനമന്ത്രി പറഞ്ഞു. കൊവിഡ് കാലം തുടങ്ങിയതിനുശേഷം പ്രധാനമന്ത്രി ആദ്യമായിട്ടാണ് ഒരാളെ ഷാൾ അണിയിക്കുവാൻ അനുവദിച്ചത് എന്നു പോലും മാധ്യമങ്ങളിലൂടെ വായിക്കാൻ കഴിഞ്ഞുവെന്ന് അദ്ദേഹത്തിന്റെ പ്രിയ സുഹൃത്ത് പറഞ്ഞു. മുഖ്യമന്ത്രി പ്രധാനമന്ത്രിയെ സന്ദർശിച്ച് കേരളത്തിൽ

തിരിച്ച് കാലുകുത്തുന്നതിന് മുമ്പുതന്നെ കസ്റ്റംസ് സ്വർണ്ണക്കടത്ത് കേസ്സിന് നേതൃത്വം കൊടുത്തിരുന്ന കസ്റ്റംസ് പ്രിവന്റീവ് കമ്മീഷണർ ശ്രീ. സുമിത് കുമാർ സ്ഥലം മാറ്റപ്പെട്ടു. ഒരാഴ്ചയ്ക്കുള്ളിൽ ഹവാല കേസിലെ പ്രതികളായിട്ടുള്ള ആളുകളെല്ലാം സാക്ഷിപ്പട്ടികയിലുമായി. ഇത് യാദൃശ്ചികമാണെന്നു പറഞ്ഞ് തടിയൂരാൻ ശ്രമിക്കുന്നുണ്ടെങ്കിൽ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്ന ഒരാൾക്കും ഉൾക്കൊള്ളാൻ സാധിക്കാത്തതാണ്. ഇത്തരത്തിൽ പ്രതികളാകേണ്ടവരെയെല്ലാം സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തി രക്ഷപ്പെടുത്താൻ ശ്രമിക്കുന്നുവെന്നും കേസ് ഒതുക്കിതീർക്കാൻ ശ്രമിക്കുന്നതായിട്ടുമുള്ള ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽനിന്നും വ്യതിചലിച്ച് നേരത്തേ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കക്ഷിക്കാർക്കും ആഗ്രഹമുണ്ടായിരുന്ന കുറെ കാര്യങ്ങൾ നടക്കാതിരുന്നതിനാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുന്ന സ്ഥിതിയാണുണ്ടായത്. അതൊരു മാനസികാവസ്ഥയുടെ സ്ഥിതിയാണ്. അതിന് സർക്കാർ വിചാരിച്ചാൽ

മാത്രം പരിഹാരമുണ്ടാകുന്ന കാര്യമല്ല. ഇതിന് വേറെ വഴിയൊന്നുമില്ല; പ്രമേയാവതാരകനും അദ്ദേഹത്തിന്റെ കക്ഷിയും അദ്ദേഹത്തിന്റെ നേതാക്കളുമെല്ലാം പറഞ്ഞ കാര്യങ്ങൾ ജനങ്ങൾ പൂർണ്ണമായി തള്ളിക്കളഞ്ഞു. ആ ജനവിധിയുടെ ഭാഗമായാണ് ഈ സർക്കാർ അധികാരത്തിലിരിക്കുന്നത്. എന്തെല്ലാം കാര്യങ്ങളായിരുന്നു പറഞ്ഞിരുന്നത്. അതിന് ബി.ജെ.പി.-യുടെ വോട്ടടക്കം നാണമില്ലാതെ വാങ്ങി രക്ഷപ്പെടാൻ പറ്റുമോ എന്നുനോക്കിയവരാണ് നിങ്ങൾ. അതിൽ രക്ഷയില്ലാതെ അതിനെയും മറികടന്നുകൊണ്ട് ജനവികാരം വന്നപ്പോൾ ഞങ്ങൾ കഴിഞ്ഞ തവണ ഉള്ളതിനേക്കാളും കൂടുതൽ ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിൽ വരുന്ന അവസ്ഥയാണുണ്ടായത്. സ്വാഭാവികമാണിത്. മനുഷ്യനായാൽ അതിന്റേതായൊരു മന:പ്രയാസമുണ്ടാകുമല്ലോ? ആ മന:പ്രയാസമാണ് പറഞ്ഞുതീർക്കുന്നത്. ഞാനിതിന് വിശദമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ മറുപടി പറഞ്ഞതുകൊണ്ടുമാത്രം അദ്ദേഹത്തിന് തൃപ്തിയാകുമെന്ന് കരുതുന്നില്ല. കൊടകര കുഴൽപ്പണക്കേസിൽ ബി.ജെ.പി. നേതാക്കൾ സാക്ഷിയാകുന്നതിനിടയായ കാര്യം എന്താണെന്ന് അദ്ദേഹം

ചോദിക്കുകയുണ്ടായി. കുഴൽപ്പണകേസ് സംബന്ധിച്ച് ബി.ജെ.പി. നേതാക്കൾക്കറിയാം. ഇത് കൊണ്ടുവന്നത് ആരാണ്? ആ ഭാഗം വ്യക്തമാവുകയാണ്. ശ്രീ. കെ. സുരേന്ദ്രന് സാക്ഷിയാകേണ്ടി വന്നതും അതുപോലെ ബി.ജെ.പി. നേതാക്കൾക്ക് സാക്ഷിയാകേണ്ടി വന്നതും അത് അറിയാവുന്നതുകൊണ്ടാണ്. എന്നാൽ ഈ പണമിടപാടുമായി ബന്ധപ്പെട്ട അന്വേഷണം തുടർന്നും നടക്കുമ്പോൾ അതുമായി ബന്ധപ്പെട്ട തെളിവുകളുടെ ഭാഗമായി ഇവർതന്നെ പ്രതികളായും മാറിയേക്കാം. അത് സ്വാഭാവികമാണ്. ഈ പണം എങ്ങനെ വന്നുവെന്നതിനെ സംബന്ധിച്ച് ആ ഘട്ടത്തിൽ അവർ മറുപടി പറയേണ്ടതായി വരികയും സ്വാഭാവികമായും അവർ പ്രതികളായി മാറുകയും ചെയ്യും. അതാണ് ഈ കേസിന്റെ നടപടിക്രമമെന്നത് നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. നമ്മുടെ നാട്ടിൽ നിലനിൽക്കുന്ന നിയമവ്യവസ്ഥയ്ക്കനുസൃതമായി നിയമലംഘനങ്ങൾ അന്വേഷിക്കുന്ന രീതിയാണ് നാം സ്വീകരിക്കുന്നത്. അതുകൊണ്ടാണ് സംസ്ഥാന പോലീസിന് അധികാരമുള്ള കാര്യങ്ങളെ സംബന്ധിച്ച് പോലീസ് അന്വേഷിക്കാൻ തയ്യാറായത്. മറ്റുകാര്യങ്ങൾ അതുമായി ബന്ധപ്പെട്ട ഏജൻസികളും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തെരഞ്ഞെടുപ്പ്

കമ്മീഷനമാണ് ആവശ്യമായ നടപടി സ്വീകരിക്കുന്നത്. അതിനാലാണ് തെരഞ്ഞെടുപ്പ് കമ്മീഷനെയും ബന്ധപ്പെട്ട ഏജൻസികളെയും അറിയിക്കുന്ന നിലപാടെടുത്തത്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഒരു പ്രത്യേകതയുണ്ട്. കേന്ദ്ര ഏജൻസികളെ ഏതു കാര്യത്തിലും വല്ലാതെ ആശ്രയിക്കുകയും വലിയൊരു വിശ്വാസം കേന്ദ്ര ഏജൻസികളിലർപ്പിക്കുകയും ചെയ്യുന്ന സ്ഥിതി കുറച്ചുമാസങ്ങളായി യു.ഡി.എഫ്.-നുണ്ടെന്നത് നമുക്കറിയാം. രാഷ്ട്രീയവിരോധത്തിന്റെ പേരിൽ ആരെയെങ്കിലും പ്രതിയാക്കുകയോ രാഷ്ട്രീയ വിരോധമില്ലാത്തതിന്റെ പേരിൽ ആരെയെങ്കിലും വെറുതെ വിടുകയോ ചെയ്യുന്ന സമീപനം പോലീസ് സ്വീകരിക്കുന്നില്ല. കൃത്യമായ മെറിറ്റടിസ്ഥാനത്തിലുള്ള അന്വേഷണമാണ് നടക്കുന്നത്. കള്ളപ്പണം ഇങ്ങോട്ടുകൊണ്ടുവന്നതും ആ പണം ബി.ജെ.പി.യുടേത് തന്നെയാണെന്നും അന്വേഷിച്ച് കണ്ടെത്തിക്കഴിഞ്ഞിട്ടുണ്ട്. ഇവിടെപ്പറഞ്ഞതെന്താണ്? ആ കേസിന്റെ തുടക്കത്തിൽ തന്നെ നിങ്ങളിത് അന്വേഷിക്കേണ്ട; എല്ലാം കേന്ദ്ര ഏജൻസിയെ ഏൽപ്പിച്ചോളൂയെന്നാണ് പറഞ്ഞത്. ബി.ജെ.പി. കൊണ്ടുവന്ന പണം അതിന്റെ ഭാഗമായിട്ടുള്ള കാര്യങ്ങൾ കേന്ദ്ര ഏജൻസി അന്വേഷിച്ചാൽ എന്താണ് സംഭവിക്കുക എന്നത് യു.ഡി.എഫ്.-ന് അറിയാത്തതുകൊണ്ടല്ല.

പക്ഷേ അവർക്ക് ബി.ജെ.പി.യോട് അത്രത്തോളം വിശ്വാസമാണ്; കേന്ദ്ര ഏജൻസികളിൽ അത്രത്തോളം വിശ്വാസമാണ്. നിങ്ങളെന്തിന് അന്വേഷിക്കുന്നു? സംസ്ഥാന പോലീസിന്റെ അന്വേഷണം വിട്ടുകളയൂ. ഈ അന്വേഷണം ആരെയാണ് ഏൽപ്പിക്കേണ്ടത്? എന്തൊരു നാണം കെട്ട നിലപാടാണിത്? എങ്ങനെയാണ് ഇത്ര പച്ചയായി ഒരു നെറികേട് കാണിക്കാൻ കഴിയുന്നത്. ...(ബഹളം).. ഇത് ആർക്കുവേണ്ടിയാണെന്നത് സാമാന്യബുദ്ധിയുള്ള എല്ലാവർക്കും ബോധ്യമാകുമെന്ന് മനസ്സിലാക്കിയാൽ മതി. ഇത് ബി.ജെ.പി.-ക്ക് വേണ്ടിയുള്ളതാണ്. കഴിഞ്ഞതവണ ബി.ജെ.പി.-ക്കു വേണ്ടി സംസാരിക്കാൻ സഭയിലേയ്ക്ക് ഒരാളെ അയയ്ക്കാനുള്ള പിന്തുണ കൊടുത്തിരുന്നു. ഇപ്പോൾ ബി.ജെ.പി.-ക്ക് ഇവിടെ പ്രാതിനിധ്യമില്ല. അപ്പോൾ അവർക്കുവേണ്ടി കാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കൊടകര കുഴൽപ്പണക്കേസ് ഒതുക്കിത്തീർക്കാൻ ശ്രമിക്കുന്നുവെന്നാണ് ഇവിടെ ഉയർന്നുവന്ന ആരോപണം. ഇവിടെ പണത്തിന്റെ സ്രോതസ്സ് സംബന്ധിച്ച് അന്വേഷണം നടത്താൻ കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കുന്നില്ലെന്നുകൂടി പറയുകയുണ്ടായി. ഞാൻ നേരത്തെ പറഞ്ഞതുപോലെ കേന്ദ്ര ഏജൻസികളുടെ അന്വേഷണ

പരിധിയെക്കുറിച്ച് ധാരണയില്ലാത്തതുകൊണ്ടാണോ അതോ ബോധപൂർവ്വം മറച്ചുവച്ചുകൊണ്ടാണോ ഈയൊരു ആരോപണം ഉയർന്നിട്ടുള്ളതെന്ന് എനിക്ക് പറയാൻ പറ്റില്ല. കള്ളപ്പണത്തിന്റെ സ്രോതസ്സ് അന്വേഷിക്കാൻ കേന്ദ്ര ഏജൻസികളെ സംസ്ഥാന സർക്കാർ ഏൽപ്പിക്കേണ്ടതുണ്ടോ; ഒരുപാട് നിയമവിദഗ്ദ്ധർ അപ്പുറത്തുണ്ടല്ലോ, അങ്ങനെയുണ്ടോ; ഇല്ലായെന്നതാണ് വസ്തുത. അന്വേഷണത്തിന്റെ ഭാഗമായി പണത്തിന്റെ സ്രോതസ്സിനെപ്പറ്റിയുള്ള കണ്ടെത്തലുകൾ ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളെ അന്വേഷണ ഉദ്യോഗസ്ഥർ യഥാസമയം അറിയിക്കുന്നതാണ്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടാകാൻ പോകുന്നില്ല. എങ്ങനെ അന്വേഷണം നടക്കാൻ പാടില്ലെന്നുള്ളത് കഴിഞ്ഞ ഒന്നരവർഷക്കാലമായി ഈ സംസ്ഥാനം കണ്ടതാണ്. കേന്ദ്ര ഏജൻസികൾ ചെയ്തതെല്ലാം ശരിയാണെന്ന് ബി.ജെ.പി-യോടൊപ്പം പൊതുമണ്ഡലത്തിൽ വാദഗതികൾ ഉയർത്തിയത് പ്രമേയാവതാരകനും അദ്ദേഹത്തിന്റെ പാർട്ടി നേതാക്കളുമായിരുന്നു. ഇതൊന്നും ആരും മറന്നുപോയ കാര്യമല്ല. അനധികൃതമായ പണമോ സ്വർണ്ണമോ കണ്ടെത്തിയാൽ അതിന്റെ സ്രോതസ്സ് മുതൽ വിനിയോഗം വരെയുള്ള എല്ലാ കാര്യങ്ങളും സമഗ്രമായി അന്വേഷിക്കേണ്ടതാണ്. അല്ലാതെ

വാല്യംഇന്റമില്ലാതെ ചിലയാളുകൾക്ക് നോട്ടീസ് അയച്ച് അവ മാധ്യമങ്ങൾക്ക് നൽകി പ്രചരണ കോലാഹലങ്ങൾ അഴിച്ചുവിടുന്നതല്ല അന്വേഷണം. അങ്ങനെയുള്ള അന്വേഷണങ്ങൾക്ക് പിന്തുണയുടെ ആരവവുമായെത്തിയ കോൺഗ്രസ്, പ്രൊഫഷണലായി നടത്തിയ അന്വേഷണമെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കാതെ അമ്പരന്ന് നിൽക്കുന്നതായി കാണാൻ കഴിയും. തെരഞ്ഞെടുപ്പിനെ സ്വാധീനിക്കാൻ വലിയ തോതിൽ പണമൊഴുക്കുന്ന ഏർപ്പാടിന്റെ ഭാഗമാണ് കൊടകരയിൽ കണ്ടെത്തിയ പണം. ഇതിൽ കേരള പോലീസ് അന്വേഷണം നടത്തി അതിന്റെ പരിധിയിലുള്ള കാര്യങ്ങൾവച്ചുകൊണ്ട് കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര ഏജൻസികളായ ആദായനികുതി വകുപ്പ്, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്നിവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് വിമർശനാത്മകമായി പരിശോധിക്കാൻ പ്രമേയാവതാരകൻ തയ്യാറാകേണ്ടതായിരുന്നു. അതിന് അദ്ദേഹം തയ്യാറായിട്ടില്ല. ലൈഫ് മിഷന്റെ കാര്യത്തിൽ ഇല്ലാത്ത കേസ്സുമായി സി.ബി.ഐ.-യ്ക്ക് പരാതി സമർപ്പിക്കാൻ ഓടിയെത്തിയ എം.എൽ.എ.-മാരുണ്ടായ പാർട്ടിയാണ് കോൺഗ്രസ്. എന്നാൽ ബി.ജെ.പി. ഉൾപ്പെടുന്ന

കുഴൽപ്പണക്കേസിൽ ഒരു പരാതിയുമായി ഏതെങ്കിലും കോൺഗ്രസുകാരൻ പോയിട്ടുണ്ടോ; നിയമപരമായ കാര്യങ്ങൾ കൃത്യനിഷ്ഠയോടെ അന്വേഷിച്ച് കണ്ടെത്തുകയാണ് സംസ്ഥാന പോലീസ് ചെയ്തത്. കേന്ദ്ര ഏജൻസികളെ അറിയിക്കേണ്ട കാര്യങ്ങൾ അവരെ അറിയിക്കേണ്ട കർത്തവ്യവും അന്വേഷണ ഉദ്യോഗസ്ഥർ കൃത്യമായി നിർവ്വഹിക്കും. ചെയ്യേണ്ട ഘട്ടത്തിൽ അത് ചെയ്തിട്ടുമുണ്ട്. അക്കാര്യത്തിൽ ഒരു ആശങ്കയും പ്രമേയാവതാരകന് ഉണ്ടാകേണ്ടതായിട്ടില്ല. കേരളത്തിൽ കേന്ദ്ര ഏജൻസികൾ ചെയ്യുന്നതെല്ലാം ശരിയെന്ന് പറഞ്ഞ കോൺഗ്രസ് പാർട്ടിക്ക് ഇപ്പോഴും കേന്ദ്ര ഏജൻസികൾ അവരുടെ കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നുവെന്ന് തുറന്നുപറയാൻ ഭയമുണ്ടെന്ന് ജനങ്ങൾ കാണുകയാണ്. ഇത് കേരളത്തിലെ കോൺഗ്രസിന് ബി.ജെ.പി-യോടുള്ള വിധേയത്വത്തിന്റെ ഭാഗമാണെന്ന് ന്യായമായും സംശയിച്ചാൽ അവരെ തെറ്റുപറയാനാകില്ല. ഇവിടെ സി.ബി.ഐ. എന്ന അന്വേഷണ ഏജൻസിയെക്കുറിച്ചുള്ള സംസ്ഥാന കോൺഗ്രസിന്റെ അഭിപ്രായം അറിയാൻ സ്വാഭാവികമായും ഒരു താല്പര്യമുണ്ടാകും. കോൺഗ്രസിന്റെ കേന്ദ്ര നേതൃത്വം സി.ബി.ഐ.-യെ രാഷ്ട്രീയ ചട്ടുകമെന്നാണ് വിളിച്ചിട്ടുള്ളത്. സോണിയ ഗാന്ധിയും രാഹുൽ

ഗാന്ധിയും പ്രിയങ്കാ ഗാന്ധിയുമൊക്കെ, സി.ബി.ഐ.-യെ രാഷ്ട്രീയമായി കേന്ദ്രസർക്കാർ ദുരുപയോഗിക്കുന്നുവെന്ന് നിരന്തരം ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഇവിടെയൊരു കോൺഗ്രസ് അംഗം കേന്ദ്ര നേതൃത്വത്തിന്റെ ആക്ഷേപത്തിന് ഇരയായി നിൽക്കുന്ന ആ ഏജൻസിയെ വെള്ളപൂശാനും അതിന്റെ വിശ്വാസ്യത പകരാനും കഠിനമായി ശ്രമിക്കുന്നത്. ഇത് കോൺഗ്രസിന്റെ താല്പര്യമാണോ ബി.ജെ.പി.-യുടെ താല്പര്യമാണോയെന്നുമാത്രം നോക്കിയാൽ മതി. എൻഫോഴ്സ്മെന്റ് ഡിപ്പാർട്ട്മെന്റിനെ dirty tricks-ന്റെ ഡിപ്പാർട്ടുമെന്റെന്നാണ് കോൺഗ്രസ് നേതൃത്വം ഔദ്യോഗിക പ്രസ്താവനയോടെതന്നെ  വ്യക്തമാക്കിയത്. കേന്ദ്ര ഏജൻസികൾ തങ്ങളുടെതന്നെ നേതൃത്വത്തെ തള്ളിപ്പറയും വിധമുള്ളനിലപാട് ഇവിടെ എടുക്കുന്നതിനുപിന്നിലുള്ള താല്പര്യമെന്താണ്. ശ്രീ. പി. ചിദംബരം അടക്കമുള്ളവർക്കെതിരെ റെയിഡ് അടക്കമുള്ള നടപടികൾ സി.ബി.ഐ. എടുത്തപ്പോൾ, രാഷ്ട്രീയ ചട്ടുകമായിരുന്ന സി.ബി.ഐ.  ഇപ്പോൾ എങ്ങനെയാണ് പെട്ടെന്ന് ഇവർക്ക് സ്വീകാര്യമായി മാറിയത്. കേരളത്തിന്റെ കാര്യം നോക്കൂ, കേരളത്തിന്റെ അന്വേഷണ ഏജൻസി വളരെ കാര്യക്ഷമമായാണ് അന്വേഷണം

മുന്നോട്ടുകൊണ്ടുപോകുന്നത്. അതിന്റെ മറ്റ് കണക്കുകളിലേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. ഒരുപാട് കേസ്സുകളിൽ കൃത്യമായ നിലപാട് കേരളാ പോലീസ് സ്വീകരിച്ചതായി കാണാൻ സാധിക്കും. കേരളത്തിൽ കൃത്യമായ രീതിയിൽ അന്വേഷണം നടത്തുകയും അതുമായി ബന്ധപ്പെട്ട വസ്തുതകൾ കണ്ടെത്തുകയും ചെയ്യാൻ പോലീസിന് കഴിഞ്ഞിരിക്കുന്നു. ഇനിയിവിടെ പണത്തിന്റെ ഉറവിടം കണ്ടെത്താനായില്ലെങ്കിൽ അത് കള്ളപ്പണം അഥവാ കുഴൽപ്പണമായിത്തന്നെ കരുതേണ്ടിവരും. ഇക്കാര്യങ്ങൾ അന്വേഷിച്ച് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ട ബാധ്യത കേന്ദ്ര ആദായനികുതി, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് തുടങ്ങിയ ഏജൻസികൾക്കാണ്. ഇവയുടെ പ്രവർത്തനം പരിപൂർണ്ണമായി ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ യൂണിയൻ ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. അവർക്ക് സ്വയം ഇക്കാര്യങ്ങൾ അന്വേഷിക്കാൻ ബാധ്യതയുണ്ട്. സംസ്ഥാന സർക്കാർ അവരെ അന്വേഷണം ഏൽപ്പിക്കുകയെന്നത് ഭരണഘടനയിലോ പാർലമെന്റ് പാസ്സാക്കിയ നിയമത്തിലോ വിഭാവന ചെയ്തിട്ടില്ല. ഇവിടെ കേന്ദ്ര ഏജൻസികൾ അന്വേഷിക്കേണ്ട കാര്യങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവ കേന്ദ്ര ഏജൻസികളെ അറിയിക്കാൻ

തയ്യാറായിട്ടുണ്ട്. അതിന്റെ എല്ലാ കാര്യങ്ങളും പൂർണ്ണമായും അറിയിക്കുകയും ചെയ്യും. ചാർജ്ജ്ഷീറ്റ് കൊടുത്തുവെന്ന് പറയുന്നത് ഈ വെള്ളിയാഴ്ചയാണ്. അതുകഴിഞ്ഞ് ശനി, ഞായർ, ഇന്ന് തിങ്കൾ. ഇത്രയും ദിവസമേ ആയിട്ടുള്ളൂ. ആ പറയുന്ന എല്ലാ കാര്യങ്ങളും കൃത്യമായിത്തന്നെ എല്ലാ ഏജൻസികളെയും അറിയിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇനിയെന്തെല്ലാം അറിയിക്കേണ്ടതുണ്ടോ അതെല്ലാം അറിയിക്കുകയും ചെയ്യും. അക്കാര്യത്തിൽ ഒരുതരത്തിലുള്ള ഒത്തുകളിയും ഇല്ലായെന്നതാണ് വസ്തുത. ഒത്തുകളിച്ച് ശീലിച്ചതിന്റെ ഭാഗമായി ഒത്തുകളി, ഒത്തുകളി എന്നുപറഞ്ഞാൽ എന്തോ ഞങ്ങൾക്ക് വല്ലാത്തൊരു വിഷമമുണ്ടാകുമെന്നാണ് പ്രമേയാവതാരകൻ ധരിക്കുന്നത്. അതിനുവേണ്ടി എവിടെ വരെയെത്തി; എന്തൊക്കെയാണ് അദ്ദേഹം വിളിച്ചുപറഞ്ഞത്? മയക്കുമരുന്നിനെപ്പറ്റി പറഞ്ഞല്ലോ, ആരാണ് മയക്കുമരുന്ന് കേസ്സിൽ പ്രതിയായിട്ടുള്ളത്; അവർക്കുതന്നെ പറയാൻ കഴിയുന്നുണ്ടോ; ഉന്നയിച്ച ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും അടിസ്ഥാനമായി എന്തെങ്കിലും വച്ചിട്ടുണ്ടോ; ആ കേസ്സിൽ മയക്കുമരുന്നിന്റെ ബന്ധം പറഞ്ഞിട്ടുണ്ടോ? രാഷ്ട്രീയമായി നാം തമ്മിൽ പല പ്രശ്നങ്ങളുമുണ്ടാകും. അതിന് വ്യക്തികളെ ആക്ഷേപിക്കുന്ന

തരത്തിൽ തരംതാഴ്ന്ന രീതി സ്വീകരിക്കരുത്. നിങ്ങൾക്കും ബി.ജെ.പി.-യ്ക്കും ഒരേ വികാരമുണ്ടാകരുത്. അതാണ് മനസ്സിലാക്കേണ്ടത്. അത് ആദ്യം തിരിച്ചറിയണം. എന്തും പറയാനുള്ള ഒരു അവസരമായി ഇത്തരം കാര്യങ്ങൾ എടുക്കരുത്. അവിടത്തെ അന്വേഷണ ഏജൻസിക്ക് ഈ പറഞ്ഞ ആ കേസ്സിൽ മയക്കുമരുന്നിന്റെ എന്തെങ്കിലും കാര്യം ഈ പ്രതിയെക്കുറിച്ച് പറയാനുണ്ടോ? ഇതുവരെ പറയാനില്ല. ഒരു തെളിവും അവരുടെ കൈവശമില്ല. അതല്ലേ വസ്തുത. അതിനെല്ലാം നാടൻ ചൊല്ലുകളുണ്ട്. ഞാൻ ഇപ്പോൾ അതിലേയ്ക്ക് പോകുന്നില്ലെന്നുമാത്രം. അതുകൊണ്ട് അതിലൊന്നും ഒത്തുകളിയുടെ പ്രശ്നമില്ല. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക്, രണ്ടാമത് ഈ സംസ്ഥാനത്ത് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മുഖ്യമന്ത്രിയെന്ന നിലയ്ക്ക് പ്രധാനമന്ത്രിയെ കാണുന്നത് ഔപചാരികമായൊരു ചടങ്ങാണ്. അതിനാൽ ഞാൻ പോയിട്ടുണ്ട്, കണ്ടിട്ടുണ്ട്, അപ്പോൾ സാധാരണഗതിയിൽ ഷോൾ അണിയിച്ചിട്ടുമുണ്ട്. അതിലെന്താണ് പിശക്. എന്താണ് അതിൽ വലിയ തെറ്റായിട്ടുള്ള കാര്യം. അതേസമയം അദ്ദേഹത്തിന്റെ മുഖത്തുനോക്കിത്തന്നെ ഞാൻ പറഞ്ഞു, നമുക്ക് രാഷ്ട്രീയമായി മത്സരിക്കുകയും രാഷ്ട്രീയമായി തർക്കിക്കുകയുമൊക്കെ

ചെയ്യാം, എന്നാൽ, നാടിന്റെ വികസനത്തിനായി നമുക്ക്, കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും ഒന്നിച്ചുനിൽക്കാനാകണം. ഈ നാടിന്റെ വികസനകാര്യങ്ങളിൽ നമുക്കൊന്നിച്ച് നിൽക്കാമെന്നുതന്നെയാണ് അദ്ദേഹം പറഞ്ഞത്. .... (ബഹളം).... ഈ ശബ്ദം കേട്ടിട്ടൊന്നും ബേജാറാകേണ്ട കാര്യമില്ല. നമ്മുടെ സംസ്ഥാനത്തെ റിംഗ്റോഡ് - തലസ്ഥാന നഗരിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഭാഗമാണത്. അതിന് കേന്ദ്രസർക്കാരിന്റെ സഹായം വേണം. അതുകൂടാതെ, സിൽവർ ലൈൻ, ജലപാത, നാഷണൽ ഹൈവേ - ഇവയ്ക്കൊക്കെ കേന്ദ്രസർക്കാരിന്റെ സഹായം വേണം. ആര് പറഞ്ഞു ഔദാര്യമാണെന്ന്; നിങ്ങളിതെല്ലാം ഔദാര്യമായിട്ടാണോ കാണുന്നത്? അത്തരം കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് പറയാൻ കഴിയണം. അതാണ് നടന്നത്. അത് മനസ്സിലാക്കാനുള്ള മനഃസ്ഥിതി ഇപ്പോഴില്ല. ആ സമയത്ത് അത് നഷ്ടപ്പെട്ടുപോയി. അയ്യോ, ഞങ്ങളിൽനിന്ന് പോയല്ലോ ഇത്. ഇനിയിവിടെ ഒന്നും നടക്കാൻ പാടില്ലായെന്നാണ് ചിന്തിക്കുന്നത്. അതാണ് മനോഭാവം. ആ മനോഭാവമല്ല വേണ്ടത്. ഈ നാടിന്റെ പുരോഗതിക്ക്, നാടിന്റെ വികസനത്തിന്, നമ്മുടെ നാടിന്റെ നല്ല ഭാവിക്ക്, ഒരു നവകേരളം

സൃഷ്ടിക്കാൻ പ്രതിപക്ഷമായാലും ഭരണപക്ഷമായാലും ഈ മണ്ണിൽ ജീവിക്കുന്ന എല്ലാവരും ഒന്നിച്ചുനിൽക്കുകയാണ് വേണ്ടത്. ആ മനോഭാവം നിങ്ങൾക്ക് ഇനിയുമുണ്ടാകണം. ഈ പ്രമേയത്തെക്കുറിച്ച് നേരത്തെ ഞാൻ പറഞ്ഞു. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഉയരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞങ്ങൾ ആരെങ്കിലും ഇവിടെ സി.ബി.ഐ.-യെക്കുറിച്ച് സംസാരിച്ചോ? മുഖ്യമന്ത്രിയോട് ഒരു വിഷയം സംസാരിച്ചാൽ.., പശുവിനെക്കുറിച്ച് പറഞ്ഞാൽ മുഖ്യമന്ത്രി പശുവിനെ തെങ്ങിൽ ചേർത്തുകെട്ടും എന്നിട്ട് തെങ്ങിനെക്കുറിച്ച് സംസാരിക്കും. ആ രീതിയിലാണ് ഇപ്പോൾ ഈ അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചത്. ഏപ്രിൽ മൂന്നാം തീയതി വെളുപ്പിന് നടന്ന ഒരു കവർച്ചയെത്തുടർന്ന് പുറത്തുവന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ

സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ ഇവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയത്. സംഘപരിവാറുകാരനായ ശ്രീ. ധർമ്മരാജൻ മുതൽ ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ വരെ ഉൾപ്പെട്ടിട്ടുള്ള ഒരു പ്രധാനപ്പെട്ട കേസ്സാണിത്. രണ്ട് ജില്ലകളിലേയ്ക്കുമാത്രം ഏകദേശം 10 കോടി രൂപ എത്തിച്ചുവെന്നുള്ള വിവരങ്ങളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അപ്പോൾ ബാക്കി ജില്ലകളിലേയ്ക്ക് എത്ര കോടിരൂപ കൊണ്ടുവന്നിട്ടുണ്ട്? നൂറുകണക്കിന് കോടി രൂപ കേരളത്തിലെ തെരഞ്ഞെടുപ്പ് പ്രക്രിയയെ അട്ടിമറിക്കാൻവേണ്ടി കേരളത്തിലേയ്ക്ക് ബി.ജെ.പി. നേതൃത്വം കൊണ്ടുവന്നിട്ടുണ്ട്. അത് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷന്റെയും ഉന്നതരായ നേതാക്കന്മാരുടേയും അറിവോടും സമ്മതത്തോടും കൂടിയാണ്. ആദ്യത്തെ ആഴ്ചതന്നെ ശ്രീ. ധർമ്മരാജനെ ചോദ്യം ചെയ്തപ്പോഴും അദ്ദേഹത്തിന്റെ ഫോൺ പരിശോധിച്ചപ്പോഴും അദ്ദേഹം ആദ്യം വിളിച്ചത് ബി.ജെ.പി.-യുടെ സംസ്ഥാന അദ്ധ്യക്ഷൻ ശ്രീ. കെ. സുരേന്ദ്രൻ ഉൾപ്പെടെയുള്ള ബി.ജെ.പി. നേതാക്കളെയാണെന്ന് പോലീസിന് ഏപ്രിൽ മൂന്നാം തീയതി മനസ്സിലായി. എന്നിട്ട് ശ്രീ. കെ. സുരേന്ദ്രനെ പോലീസ് ചോദ്യം ചെയ്യുന്നത്, ഇതറിഞ്ഞ്

മൂന്നുമാസത്തിനുശേഷം ജൂലൈയിലാണ്. മനസ്സിലായല്ലോ? കാരണം ശ്രീ. കെ. സുരേന്ദ്രന് രക്ഷപ്പെടാനുള്ള എല്ലാ മാർഗ്ഗങ്ങളും ഒരുക്കിക്കൊടുത്തശേഷം പേരിന് മൂന്നുമാസം കഴിഞ്ഞ് ജൂലൈ മൂന്നാം തീയതിയാണ് നോട്ടീസ് കൊടുക്കുന്നത്. അന്വേഷണ കമ്മീഷന് മുമ്പാകെ വരുന്നത് ഈ കഴിഞ്ഞയാഴ്ചയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മൂന്ന് കേസ്സുകളാണ് ഇതിലുള്ളത്. ഒന്ന്, ഹൈവേയിൽ നടന്ന കവർച്ച. അതാണ് ഞങ്ങൾ ഉന്നയിച്ച ആ റോബറി കേസ്. റോബറി കേസ് കേരളത്തിൽ നടക്കാറുണ്ട്. ചാവക്കാട്, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെല്ലാം നടക്കാറുണ്ട്. പക്ഷേ ഇത് അങ്ങനെ നടന്ന കേവലമൊരു റോബറി, ഒരു കവർച്ചാകേസ് മാത്രമാണോ? ഈ കുറ്റപത്രത്തിന്റെ റിസൾട്ട് വന്നാൽ, ഈ കുറ്റപത്രം വായിച്ചാൽ ഇത് കേരളത്തിൽ സാധാരണയായി നടക്കുന്ന ഒരു കവർച്ച കേസ് മാത്രമാണ് എന്ന് തോന്നും. കവർച്ച കേസ് മാത്രമായി ഇത് ഒതുക്കരുതെന്നാണ് ഞങ്ങൾ ഇതിനുമുമ്പ് ഈ നിയമസഭയിൽ മുന്നറിയിപ്പ് നല്കിയത്. ഇതിന്റെ സാമ്പത്തികസ്രോതസ്സും മറ്റ് കാര്യങ്ങളും അന്വേഷിക്കുന്നതിന് കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കേണ്ടതാണ്, കേന്ദ്ര ഏജൻസികളെ

അറിയിക്കേണ്ടതാണ് എന്ന് ഞാൻ ഇവിടെ പറഞ്ഞതിനെ മുഖ്യമന്ത്രിയെപ്പോലെ ഒരാൾ അസംബ്ലിയിലെ റെക്കോർഡിൽ കിടക്കുന്ന ഒരു കാര്യം അവാസ്തവമായി മാറ്റിപ്പറയാൻ പാടില്ലായിരുന്നു. അതായത് മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞ വാക്കാണ്, പോലീസ് ഇനി അന്വേഷിക്കേണ്ട, ഇനി കേന്ദ്ര ഏജൻസി അന്വേഷിച്ചാൽ മതി എന്ന് ഞങ്ങൾ പറഞ്ഞുവെന്ന്. എന്റെ പ്രസംഗം തന്നെ ക്വാട്ട് ചെയ്യേണ്ട ഗതികേടിലാണ് ഞാൻ. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കേസ് കൊടുത്താൽ പോലീസ് അന്വേഷണം ഇല്ലാതാകില്ല. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷിക്കുന്നത് ഇതിന്റെ മറ്റ് കാര്യങ്ങളാണ്, സാമ്പത്തിക വശങ്ങളാണ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സും ഈ കേസ് അന്വേഷിക്കുന്ന അതേ അവസരത്തിൽത്തന്നെ സംസ്ഥാന പോലീസിനും ഈ കേസ് അന്വേഷിക്കാൻ കഴിയും. എല്ലാ വശത്തുനിന്നും ഇത് അന്വേഷിക്കാൻ ഉത്തരവാദിത്തപ്പെട്ട കാര്യങ്ങൾ എന്തുകൊണ്ടാണ് പറയാതെ പോയത്. പ്രസ്തുത *പറയുകയാണ് മുഖ്യമന്ത്രി. *എന്ന വാക്ക് ഞാൻ പിൻവലിക്കുന്നു. അവാസ്തവമായ കാര്യങ്ങളാണ് മുഖ്യമന്ത്രി ഇവിടെപ്പറഞ്ഞത്. കേരളത്തിലെ പോലീസ് അന്വേഷിക്കേണ്ടായെന്ന് ഞങ്ങൾ പറഞ്ഞുവെന്ന് ഈ ഹൗസിൽ

* ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.
*

പറഞ്ഞ കാര്യമാണ്. അതായത് പോലീസിനും കേന്ദ്ര ഏജൻസികൾക്കും ഒരുപോലെ അന്വേഷിക്കാം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി എന്താണ്; അല്ലെങ്കിൽ ഇപ്പോഴത്തെ കുറ്റപത്രത്തിൽ പറയുന്നതെന്താണ്? 'അനധികൃതമായി പണം കൊണ്ടുവന്നതിനെ സംബന്ധിച്ച അന്വേഷണവും തുടർനടപടികളും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്നീ ഏജൻസികൾ നടത്തേണ്ടതുള്ളതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി കുറ്റപത്രത്തിന്റെ പകർപ്പ് സഹിതം റിപ്പോർട്ട് തയ്യാറാക്കി ഡയറക്ടർ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, കൊച്ചി; കമ്മീഷണർ, ഇൻകം ടാക്സ് ഇൻവെസ്റ്റിഗേഷൻ, കൊച്ചി; ചീഫ് ഇലക്ടറൽ ഓഫീസർ, കേരള എന്നിവർക്ക് അയയ്ക്കേണ്ടതാണ് എന്നാണ്. ഇത് ഞാനിവിടെ പറഞ്ഞപ്പോൾ, ബി.ജെ.പി.-ക്കുവേണ്ടിയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതുന്നയിക്കുന്നതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞത്. 'ബി.ജെ.പി.-യുടെ ഇന്നലത്തെ പ്രസ്താവനയുടെ പകർപ്പ് എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. പോലീസിന് പണത്തിന്റെ ഉറവിടത്തിൽ സംശയമുണ്ടെങ്കിൽ ഇൻകം ടാക്സ് വകുപ്പിനെ

അറിയിക്കാമെന്നാണ്. കുഴൽപ്പണ/കള്ളപ്പണ ഇടപാടുണ്ടെന്ന് സംശയമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ അറിയിക്കാം. അതുതന്നെയാണ് പ്രതിപക്ഷനേതാവ് നേരത്തെ പറഞ്ഞത്.' എന്നെ പരിഹസിക്കുകയാണ്. പരിഹാസം തീർന്നില്ല, പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ടിലെ സെക്ഷൻ 54(f), സെക്ഷൻ 3, സെക്ഷൻ 4 എന്നീ വകുപ്പുകളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. സെക്ഷൻ 4 അനുസരിച്ച് മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പുകളുണ്ടെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി എന്താണ്? "നിയമ വിജ്ഞാനം രണ്ടുതരത്തിൽ ഉപയോഗിക്കാമല്ലോ; അതാണല്ലോ നിയമ വിജ്ഞാനത്തിന്റെ പ്രത്യേകത. നിയമവിജ്ഞാനം ബി.ജെ.പി.-യെ രക്ഷിക്കാൻവേണ്ടി ഉപയോഗിക്കുന്ന ഒരു വാദമാണ് ഇവിടെ കാണുന്നത് എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ടിലെ ഒരു സെക്ഷൻ ക്വാട്ട് ചെയ്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റുംകൂടി ഇതന്വേഷിക്കണമെന്ന് പറഞ്ഞപ്പോൾ ബി.ജെ.പി.-യെ സഹായിക്കാൻവേണ്ടി എന്റെ നിയമവിജ്ഞാനം വിളമ്പുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

പരിഹസിച്ചു. ഇപ്പോൾ അതെല്ലാം അതേ സീറ്റിലിരുന്ന് മാറ്റിപ്പറയേണ്ട ഗതികേട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടായി. അതിനോടൊപ്പം എനിക്കും ഞങ്ങൾക്കും സംഘി പട്ടം ചാർത്തിത്തരാനൊരു ശ്രമവും നടത്തി. ഒരു പിണറായി വിജയനല്ല, ആയിരം പിണറായി വിജയൻമാർ ഒരുമിച്ചുവന്നാലും ഞങ്ങളുടെ തലയിൽ സംഘി പട്ടം ചാർത്താൻ പറ്റുകയില്ല. തെരഞ്ഞെടുപ്പിൽ നിങ്ങൾ ബി.ജെ.പി.-യുടെ വോട്ട് വാങ്ങിയിട്ട് നാണമുണ്ടോയെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചത്. ഇത് ഉത്സവപ്പറമ്പിലെ പോക്കറ്റടിക്കാരന്റെ തന്ത്രമാണ്. ആ പോക്കറ്റടിക്കാരനെ അന്വേഷിച്ച് ആളുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടുമ്പോൾ വലിയ ഉച്ചത്തിൽ കള്ളൻ എവിടെ, കള്ളൻ എവിടെ എന്ന് ചോദിക്കുന്നത് പോക്കറ്റടിക്കാരൻ തന്നെയാണ്. മുഖ്യമന്ത്രി കൂട്ടുനിന്നിട്ട്, ഒത്തുതീർപ്പുണ്ടാക്കിയെന്ന് ഞങ്ങളോട് ആരോപണം ഉന്നയിക്കുകയാണ്. എല്ലാ ഒത്തുതീർപ്പിനും കൂട്ടുനിന്നിട്ട് ഇപ്പോൾ എന്താണ്? യഥാർത്ഥത്തിൽ തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻവേണ്ടി കോടിക്കണക്കിന് രൂപയുടെ കള്ളപ്പണം കേരളത്തിലേയ്ക്ക് കൊണ്ടുവന്ന ആളുകളെ അന്വേഷിക്കാൻ പോയിട്ട് പ്രതികളാകേണ്ട ആളുകൾ സാക്ഷികളായി മാറിയ പിണറായി ഇന്ദ്രജാലം (മാജിക്) ആണ് ഈ

കേസ്സിൽ നടന്നത്. ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിനെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും അറിയിക്കണമെന്ന് നേരത്തെ ഞങ്ങൾ പറഞ്ഞപ്പോൾ അതിനെ പരിഹസിക്കുകയും ബി.ജെ.പി.-യെ സഹായിക്കുകയും ചെയ്യുക. സെൻട്രൽ ഏജൻസിയെന്ന് കേട്ടാൽ മുഖ്യമന്ത്രിക്ക് കലിയിളകും (ഹാലിളകും). Pinarayi Vijayan writes to PM- Seeks probe into gold smuggling case. ഇവിടെനിന്നും പ്രധാനമന്ത്രിക്ക് കത്തയച്ചത് ആരാണ്? 30 കിലോഗ്രാം സ്വർണ്ണം പിടിച്ചതിന് പ്രധാനമന്ത്രിക്ക് കത്തയച്ച് കേന്ദ്ര ഇൻവെസ്റ്റിഗേഷൻ ഏജൻസികൾ കേരളത്തിൽ വന്ന് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട ആളുകൾക്ക്,... ഞങ്ങൾ (യു.ഡി.എഫ്.) സി.ബി.ഐ. എന്ന് പറയാൻ പാടില്ല. അങ്ങനെ പറഞ്ഞാൽ വലിയ തെറ്റ്. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് എന്ന് ഞങ്ങൾക്ക് പറയാൻ പാടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേന്ദ്ര ഏജൻസികളുടെ അന്വേഷണം തേടി പ്രധാനമന്ത്രിക്ക് കത്തെഴുതാം. ഇങ്ങനെ പരസ്പരവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടാണ് അങ്ങ് സംസാരിക്കുന്നത്. ലൈഫ് മിഷനെ സംബന്ധിച്ച് ഒരു പ്രതിപക്ഷ എം.എൽ.എ. പരാതി കൊടുത്തതിനെ സംബന്ധിച്ച് ഒരാക്ഷേപം പറഞ്ഞു. കേരളത്തിലെ ലൈഫ് മിഷനിലേയ്ക്കുവന്ന

20 കോടി രൂപയിൽ 9.25 കോടി രൂപ നിങ്ങൾ അടിച്ചുമാറ്റിയില്ലേ? എന്നിട്ട് ആ ലൈഫ് മിഷനെക്കുറിച്ച് കേസ് കൊടുത്തതിലാണ് നിങ്ങൾക്ക് പരാതി. 20 കോടി രൂപ കേരളത്തിലേയ്ക്ക് കൊണ്ടുവന്നപ്പോൾ .......(ബഹളം....) ഇത് മാരുതി കാറിൽ കുതിരയെ കൊണ്ടുവരുന്നതുപോലെയല്ലെന്ന് മനസ്സിലാക്കണം. ബഹുമാനപ്പെട്ട എം. നൗഷാദ് അംഗം ഇതറിയണം. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ഗുരുതരമായ കേസ്സിൽ സി.ബി.ഐ.-യ്ക്ക് പരാതി കൊടുത്തതിനെക്കുറിച്ച് അങ്ങിവിടെവച്ച് പറയരുത്. അങ്ങ് ഈ പ്ലാറ്റ്ഫോം അതിനുവേണ്ടി ഉപയോഗിക്കരുതായിരുന്നു. കാരണം അതിൽ വലിയ കളവ് നടന്നിട്ടുണ്ട്. കൈക്കൂലി വാങ്ങുകയും കൊടുക്കുകയും ചെയ്തിട്ടുണ്ടെന്ന് വ്യക്തമായ കേസ്സിനെ മുഖ്യമന്ത്രിയുടെ സ്ഥാനത്തിരുന്നുകൊണ്ട് അങ്ങിവിടെ ന്യായീകരിക്കാമോ? കേന്ദ്ര ഏജൻസികൾ അന്വേഷിക്കേണ്ട കാര്യങ്ങൾ അവർ അന്വേഷിക്കണം. ഇത് കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പോലീസ് അന്വേഷിച്ച കുറ്റപത്രത്തിൽ പറഞ്ഞിരിക്കുകയല്ലേ? നിങ്ങൾക്ക് പറയാം. അങ്ങയുടെ ഇപ്പോഴത്തെ പ്രസംഗത്തിലും എൻഫോഴ്സമെന്റ് ഡയറക്ടറേറ്റും ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റും ചീഫ് ഇലക്ടറൽ ഓഫീസും

അന്വേഷിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് ഞങ്ങൾ പറഞ്ഞപ്പോഴാണ് അതിനെ തെറ്റിദ്ധരിപ്പിക്കാൻ നോക്കിയത്. കഴിഞ്ഞ ദിവസം അങ്ങ് ഈ സഭയിൽ പറഞ്ഞ കാര്യങ്ങൾക്കെല്ലാം വിരുദ്ധമായ നിലപാടാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. പരസ്പരവിരുദ്ധമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നത്. യഥാർത്ഥത്തിൽ ഈ കേസ്സിൽ ബി.ജെ.പി. നേതാക്കന്മാരെ രക്ഷിക്കുന്നതിനുള്ള ശ്രമമാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നത്. നിങ്ങൾക്കെതിരായി കേന്ദ്ര ഏജൻസികളുടെ അന്വേഷണവും ബി.ജെ.പി.-ക്കെതിരായ അന്വേഷണങ്ങളുമെല്ലാം ഒത്തുതീർപ്പാക്കി ഒരു സുപ്രഭാതത്തിൽ കേസ്സുകളില്ലാതെയായി. ഇനിയിപ്പോൾ ഇതങ്ങോട്ട് കൊടുത്താൽ മതിയല്ലോ? ശ്രീ. കെ. സുരേന്ദ്രനെ കേന്ദ്ര ഏജൻസി അറസ്റ്റ് ചെയ്യുമോ; അദ്ദേഹത്തെ അവർ കേസ്സിൽ പ്രതിയാക്കുമോ? അപ്പോൾ ഇത് വ്യക്തമാണ്. ഒരു ബി.ജെ.പി. നേതാവും ഈ കേസ്സിൽ ഒരിക്കലും പ്രതികളാകാൻ പാടില്ല, പ്രതികളാകില്ല എന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് കേസ്സന്വേഷണം അവസാനിപ്പിച്ചിരിക്കുന്നത്. ഇതുതന്നെയാണ് ഞങ്ങൾ ഈ സഭയിൽ മുന്നറിയിപ്പ് നൽകിയത്. കേരളത്തിൽ നടന്ന ഏറ്റവും വലിയ കുഴൽപ്പണ ഇടപാട് കേവലം കവർച്ചാ

കേസ്സാക്കിമാറ്റുകയും പ്രതികളാകേണ്ടിയിരുന്ന രാഷ്ട്രീയ നേതാക്കന്മാരെ മുഴുവൻ സാക്ഷികളാക്കിക്കൊണ്ട് അവരെ രക്ഷപ്പെടുത്താൻ നോക്കിയ ഈ ശ്രമത്തിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ടും ഈ ഗൗരവതരമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നില്ലെങ്കിലും കേരളത്തിലെ ജനങ്ങൾ ചർച്ച ചെയ്തുകൊണ്ടേയിരിക്കും. ഈ അടിയന്തരപ്രമേയം ഇന്നിവിടെ വന്നപ്പോൾ അപ്പുറത്തിരിക്കുന്നവരുടെ മുഖഭാവവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച രീതിയും കണ്ടാലറിയാം, ഇത് ജനങ്ങളെയാകെ സ്തബ്ധരാക്കിയിരിക്കുന്ന വിഷയം തന്നെയാണ്. ആരും പ്രതീക്ഷിച്ചില്ല. നടുറോഡിലിട്ട് പിടിക്കപ്പെട്ടതും തെരഞ്ഞെടുപ്പുകാലത്ത് പണം വാരിവിതറിയതുമായ കേസ്സിലെ എല്ലാ തെളിവുകളും അടിക്കടി വന്നുകൊണ്ടിരുന്നു. അന്നുപറഞ്ഞ ആളുകളൊക്കെ വി.ഐ.പി.-കളും വലിയ

രാഷ്ട്രീയ സ്വാധീനമുള്ളവരുമായതുകൊണ്ട് അവരൊക്കെ കേസ്സിലെ സാക്ഷികളായി. ഇത്രമാത്രമെ ഞങ്ങളെക്കൊണ്ട് കഴിയുകയുള്ളൂ, ഇനി നിങ്ങൾ നോക്കിക്കോളൂ എന്നുപറഞ്ഞ് കേന്ദ്രത്തിന്റെ കയ്യിലേയ്ക്ക് കൊടുത്തതുപോലെ ഈ വിഷയത്തിൽ ഇതിലും വലിയ പരിരക്ഷ വേറെയുണ്ടാകാനില്ല. ഇത് നഗ്നമായി അവരെ സഹായിച്ചതാണ്. ഈ സഹായം എല്ലാവർക്കും ലഭിക്കുകയില്ല. ഫാഷൻ ഗോൾഡ് തട്ടിപ്പുകേസ്സിൽ ഒരു നോൺ ഒഫിഷ്യൽ ചെയർമാൻ (എം.എൽ.എ.), ഇവിടെ എത്ര എം.എൽ.എ.-മാർക്കും മന്ത്രിമാരായിരിക്കുന്നവർക്കും ചെക്ക് മടങ്ങിയ കേസ്സുണ്ട്. (....ബഹളം.....) ഞാൻ പേരൊന്നും പറയുന്നില്ല. അതുപോലെ ബിസിനസ്സ് പൊളിഞ്ഞവരുമുണ്ട്. അവരെയൊക്കെ മൂന്ന് മാസം ജയിലിലിട്ട് തേർഡ് റേറ്റ് പ്രതികളെപ്പോലെ പീഡിപ്പിക്കുമോ? എന്നാൽ ചോദ്യം ചെയ്യാൻ വിളിക്കുന്നതിനിടയ്ക്ക് ഇയാളെ അറസ്റ്റ് ചെയ്യാൻ പോകുന്നുവെന്ന് എസ്.പി. അദ്ദേഹത്തിന് അറിയാവുന്ന മലയാള ഭാഷയിൽ പറഞ്ഞു. ആ ഗോൾഡ് തട്ടിപ്പ് കേസ്സിലെ എം.ഡി. എന്നുപറയുന്നയാൾ അപ്പോൾ മുങ്ങി. പോലീസിന് അറസ്റ്റ് ചെയ്ത് ജയിലിലിടാൻ എം.എൽ.എ.-യെ മാത്രം മതിയായിരുന്നു. മറ്റുള്ളവർക്ക് കിട്ടുന്ന പരിരക്ഷ അങ്ങനെയാണ്. ഒരു

സ്വകാര്യ ബിസിനസ്സിൽ നഷ്ടം വന്ന കേസ്സിൽ എം.എൽ.എ. മാസങ്ങളായി ജയിലിൽ കിടന്നു. ഇവിടെ ഇത്രയും വ്യക്തമായ കേസ്സിൽ ബി.ജെ.പി.-യുടെ ആളുകൾ മഹാന്മാരായ സാക്ഷികൾ. ഇതാണ് വ്യത്യാസം. ഇതാർക്കും മനസ്സിലാകാത്ത സ്ഥിതിയാണുള്ളത്. ഇനി അവർ പ്രതിയാകുകയില്ലെന്നുള്ള കാര്യം ഉറപ്പല്ലേ? ഞങ്ങളെക്കൊണ്ട് ഇത്രയൊക്കെ പറ്റുകയുള്ളൂ, ബാക്കി നിങ്ങൾ നോക്കിക്കൊള്ളൂവെന്ന് പറഞ്ഞതുപോലെ ആയില്ലേ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ശ്രദ്ധിക്കണം. എല്ലാ ജനവിഭാഗങ്ങൾക്കും വർത്തമാനമൊക്കെ പറയാം. പക്ഷേ ഫലത്തിൽ വരുമ്പോൾ ഇവിടെ പറഞ്ഞതുപോലെ ബി.ജെ.പി.-യ്ക്ക് കിട്ടിയത് വമ്പൻ സഹായമാണ്. ഇത് പരസ്പര സഹായമാണെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്ക് ഔട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, കൊടകര കുഴൽപ്പണക്കേസിൽ യഥാർത്ഥ പ്രതികളെയെല്ലാം നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുന്നവിധത്തിൽ സർക്കാർ നിലപാട് സ്വീകരിക്കേണ്ടതായിരുന്നു. പ്രതികൾ സാക്ഷികളായി മാറുന്ന ഒരു സ്ഥിതിവിശേഷമാണ്. കേസ് അട്ടിമറിക്കാനും നിസ്സാരവൽക്കരിക്കാനുമിടയാക്കുന്ന സ്ഥിതി വിശേഷമാണുണ്ടാക്കിയിരിക്കുന്നത്. ഗുരുതരമായ ഈ സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ്: സർ, കവർച്ചാക്കേസ് മാത്രമല്ല, സാമ്പത്തിക കുറ്റകൃത്യവും കൂടി ഇതിനകത്തുണ്ടെന്നുള്ളതുകൊണ്ടാണ് കേന്ദ്ര ഏജൻസികളുടെ അന്വേഷണം പ്രമേയവതാരകൻ, യു.ഡി.എഫ് മുന്നോട്ടുവച്ചത്. ഇതുസംബന്ധിച്ച് പോലീസിന്റെയും കേന്ദ്ര ഏജൻസികളുടെയും അന്വേഷണം നടക്കണം. യഥാർത്ഥ പ്രതികൾ

രക്ഷപ്പെടാനുള്ള സാഹചര്യം ഇവിടെയുണ്ടാകുന്നുവെന്നതാണ് ഞങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി).